**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4419** **06-03-2023 - ൽ മറുപടിയ്ക്ക്**

**വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 3000 ചതുരശ്ര അടി വരെയുള്ള വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പിന് പകരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയാകുമോ; അറിയിക്കുമോ; | (എ) | പാരിസ്ഥിതികാനുമതി ആവശ്യമില്ലാത്ത (20,000 ചതുരശ്ര മീറ്ററിനു താഴെ പ്ലിന്ത് ഏരിയയുള്ള) കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിനായി ഖനനം ചെയ്യപ്പെടുന്ന മണ്ണ് ബിൽഡിംഗ് പെർമിറ്റ്/ ഡെവലപ്പ്മെന്റ് പെർമിറ്റ് ലഭ്യമായ സ്ഥലത്തു തന്നെ നിക്ഷേപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതിയാകും |
| (ബി) | ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണ്ണ് മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പാസ്സ് മാത്രം മതിയാകുമോ; വിശദമാക്കാമോ? | (ബി) | ഇത്തരത്തിൽ ഖനനം ചെയ്യപ്പെടുന്ന മണ്ണ് ഗതാഗതം ചെയ്ത് മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ട് പോകേണ്ടതായിട്ടുണ്ടെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(2) ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള റോയൽറ്റി ഒടുക്കി മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസ്സുകൾ കരസ്ഥമാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ